**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 92** **01-02-2023 - ൽ മറുപടിയ്ക്ക്**

**ക്രിമിനൽ പശ്ചാത്തലമുള്ള പോലീസ് സേനാംഗങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പോലീസ് സേനയിൽ ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെടുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | 2016 മുതൽ പോലീസ് സേനാംഗങ്ങൾക്കെതിരെ രജിസ്റ്റർ ചെയ്ത ക്രിമിനൽ കേസുകളുടെ എണ്ണമെത്ര; ഇവർക്കെതിരെ ഏതെല്ലാം വകുപ്പുകൾ ചുമത്തിയാണ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്ന് അറിയിക്കുമോ; വിശദവിവരം ലഭ്യമാക്കാമോ; | (ബി) | ക്രോഡീകരിച്ച വിവരങ്ങൾ ലഭ്യമല്ല. |
| (സി) | ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത പോലീസ് സേനയിൽപ്പെട്ടവർക്കെതിരെ എന്തൊക്കെ ശിക്ഷാ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ; | (സി) | അഴിമതി, നിയമവിരുദ്ധ പ്രവർത്തനം, മാഫിയ ബന്ധം തുടങ്ങിയവയിൽ ആരോപണവിധേയരായ പോലീസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ സംസ്ഥാന ഇന്റലിജന്റ്സും, ജില്ലാ സ്പെഷ്യൽ ബ്രാഞ്ചും സസൂക്ഷ്മം നിരീക്ഷിച്ചുവരുന്നുണ്ട്. കേസുകളിലെ പങ്കാളിത്തം കുറ്റകൃത്യങ്ങളുടെ കാഠിന്യം എന്നിവയുടെ അടിസ്ഥാനത്തിൽ ക്രിമിനൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന പോലീസുകാരെ കണ്ടെത്തി പുറത്താക്കൽ ഉൾപ്പെടെ ശക്തമായ വകുപ്പുതല നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | 2016 മുതൽ നാളിതുവരെ ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സർവ്വീസിൽ നിന്നും പിരിച്ചുവിട്ട പോലീസ് സേനാംഗങ്ങളുടെ എണ്ണം എത്ര; ഇവരുടെ തസ്തിക, ജില്ല എന്നിവ തരംതിരിച്ച് വ്യക്തമാക്കാമോ? | (ഡി) | ക്രോഡീകരിച്ച വിവരങ്ങൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ